"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - വെക്കേഷൻ സാലറി അനുവദിക്കുന്നതിന് അദ്ധ്യാപക തസ്തികകളിൽ ഉണ്ടാകുന്ന വിവിധതരം ഒഴിവുകളെ എപ്രകാരം പരിഗണിക്കണമെന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.136/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 31/03/2021

---

**ഉത്തരവ്**

നിലവിലുള്ള കീഴ്വഴക്കം അനുസരിച്ച് ഒരു അധിക തസ്തിക സൃഷ്ടിക്കപ്പെട്ട് അത് തുടർച്ചയായി മൂന്നു വർഷം "ടെമ്പററി" തസ്തികയായി തസ്തിക നിർണ്ണയ ഉത്തരവിലെ പട്ടികയിൽ രേഖപ്പെടുത്തി നൽകി വരുന്നു. പ്രസ്തുത അധിക തസ്തിക നഷ്ടപ്പെടാതെ തുടരുന്നപക്ഷം നാലാമത്തെ വർഷം മുതൽ തസ്തികനിർണ്ണയ ഉത്തരവിലെ പട്ടികയിൽ "പെർമനെന്റ്" തസ്തികയായി രേഖപ്പെടുത്തിയും വരുന്നു. ഈ സാഹചര്യം മൂലം, ഒരു പ്രത്യേക അക്കാദമികവർഷം ആദ്യമായി അനുവദിക്കപ്പെട്ട ഒരു അധിക തസ്തികയിലെ ഒഴിവിൽ നിയമനം നേടുന്ന ടീച്ചർക്ക് പ്രസ്തുത അദ്ധ്യയനവർഷത്തിൽ കുറഞ്ഞത് 8 മാസത്തെ തുടർച്ചയായ സേവനമില്ലെങ്കിൽ പ്രസ്തുത ഒഴിവ് ***"vacancies which are not permanent"*** ആണെന്ന പ്രതീതി ഉളവാക്കുന്നതുമൂലം വെക്കേഷൻ സാലറി ലഭിക്കുകയില്ല. അതേസമയം, ഒരു പെർമനെന്റ്/ റഗുലർ ഒഴിവായി കണക്കാക്കി വരുന്ന രാജി,റിട്ടയർമെന്റ്, പ്രൊമോഷൻ, മരണം തുടങ്ങിയവ മൂലമുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നേടുന്ന ടീച്ചർക്ക് പ്രസ്തുത അദ്ധ്യയന വർഷത്തിൽ കുറഞ്ഞത് 8 മാസത്തെ തുടർച്ചയായ സേവനമില്ലെങ്കിൽ പോലും വെക്കേഷൻ സാലറി ലഭിക്കുന്നതാണ്.

(2) മേല്പറഞ്ഞ അവസ്ഥ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ, വെക്കേഷൻ കടന്നു നിൽക്കുന്ന നോൺ- പെർമനെന്റ് ഒഴിവുകളിൽ നിയമിതരായവർക്ക്, അവരുടെ ആദ്യ അദ്ധ്യയനവർഷത്തിൽ 8 മാസത്തെ തുടർച്ചയായ സേവനമുണ്ടെങ്കിൽ, അവരെ വെക്കേഷൻ കാലത്തു നിലനിർത്തി വെക്കേഷൻ സാലറി നൽകുന്നതിന് കെ ഇ ആർ അദ്ധ്യായം XIV A ചട്ടം 49 അനുവദിക്കുന്നു എന്നു കാണാം. എന്നാൽ ഏതൊക്കെ ഒഴിവുകളാണ് പെർമനെന്റ്, നോൺ-പെർമനെന്റ് എന്ന് കെ ഇ ആറിൽ വേർതിരിച്ചു വ്യാഖ്യാനിച്ചിട്ടില്ല. ആയതിനാൽ അധിക തസ്തികയിലെ ഒഴിവ് പെർമനെന്റ് ഒഴിവാണോ നോൺ-പെർമനെന്റ് ഒഴിവാണോ എന്നതിലുള്ള അവ്യക്തത മൂലം അത്തരം ഒഴിവിൽ ആദ്യത്തെ വർഷം സ്ഥിരം നിയമനം നേടുന്ന ടീച്ചർക്ക് വെക്കേഷൻ സാലറി അനുവദിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ ഇടയിൽ ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ട്.

(3) ഇക്കാര്യങ്ങൾ പരിശോധിച്ചതിനുശേഷം ചുവടെപ്പറയുന്ന പ്രകാരം ഉത്തരവാകുന്നു:-

(എ) അധിക തസ്തികകൾ കെ.ഇ. ആർ അദ്ധ്യായം XXIII-ലെ വ്യവസ്ഥകളനുസരിച്ച് അനുവദിക്കപ്പെടുന്നതിനാൽ അവ റഗുലർ തസ്തികകളാണ്. അവയെ "ടെമ്പറ റി", "പെർമനെന്റ്" എന്നിങ്ങനെ വേർതിരിച്ച് കാണുന്ന രീതിയ്ക്ക് നിയമപരമായ സാധുതയോ ഏതെങ്കിലും ചട്ടങ്ങളുടെ പിൻബലമോ ഇല്ല. യഥാർത്ഥത്തിൽ, സർക്കാർ/ എയ്ഡഡ് മേഖലയിൽ എല്ലാ അദ്ധ്യാപക തസ്തികകളും അതത് അക്കാദമികവർഷത്തെ ആറാം അദ്ധ്യയനദിവസത്തിൽ റോളിലുള്ള കുട്ടികളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നു. പെർമനെന്റ് തസ്തികയായി അനുവദിക്കപ്പെടുന്നവ പോലും അടുത്തവർഷത്തെ ആറാം സാദ്ധ്യായ ദിവസത്തിൽ . ഡിവിഷൻ നിലനിർത്താനാവശ്യമായ കുട്ടികളില്ലാത്തപക്ഷം തസ്തികനിർണ്ണയത്തിൽ നഷ്ടപ്പെട്ടെന്നു വന്നേയ്ക്കാം. **<u>ആയതിനാൽ അധിക തസ്തികകൾ ഉൾപ്പെടെയുള്ള എല്ലാ തസ്തികകളെയും "ടെമ്പറ റി", "പെർമനെൻറ്" എന്നിങ്ങനെ വേർതിരിക്കുന്ന നിലവിലുള്ള കീഴ്വഴക്കം ഇനിയുള്ള തസ്തിക നിർണ്ണയ ഉത്തരവുകളിൽ തുടരേണ്ടതില്ല.</u>**

(ബി) കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 49-ൽ പരാമർശിക്കുന്ന *<u>"vacancies which are not permanent"</u>* എന്ന ഗണത്തിൽ വരുന്നവ **അവധി** ഒഴിവുകളും ഒരു നിശ്ചിത കാലയളവിലേയ്ക്കു മാത്രമായി പരിമിതപ്പെട്ടിരിക്കുന്ന ഒഴിവുകളുമായിരിക്കും.

(സി) രാജി, മരണം, റിട്ടയർമെന്റ്, സ്ഥിരം ഒഴിവിലേയ്ക്കുള്ള പ്രൊമോഷൻ/ സ്ഥലംമാറ്റം എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകൾ സ്ഥിരതയുള്ളവ ആയതിനാൽ അത്തരം ഒഴിവുകൾ *<u>"vacancies which are permanent"</u>* എന്ന ഗണത്തിൽ ഉൾപ്പെടുന്നതാണ്.

(ഡി) അധിക തസ്തികയിലുണ്ടാകുന്ന റഗുലർ ഒഴിവുകളെ *<u>"vacancies which are permanent"</u>* എന്ന ഗണത്തിൽ തന്നെ കണക്കാക്കി, അത്തരം ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ആദ്യ അക്കാദമിക വർഷത്തെ സേവനദൈർഘ്യം പരിഗണിക്കാതെ തന്നെ വെക്കേഷൻ സാലറിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

4) ഈ ഉത്തരവിലെ വ്യവസ്ഥകൾക്ക് ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യമുള്ളൂ. സാമ്പത്തികാനുകൂല്യങ്ങൾക്കും ഉത്തരവ് തീയതി മുതൽ മാത്രമേ അർഹതയുള്ളൂ. ഇതിനകം തീർപ്പാക്കിയ കേസുകൾ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നതല്ല.

5) മേൽപറഞ്ഞ ഉത്തരവുകൾക്ക് അനുസൃതമായ മാറ്റം തസ്തികനിർണ്ണയ ഉത്തരവിലെ അനുബന്ധപട്ടികയിൽ വരുത്തി "സമന്വയ"യിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. കൂടാതെ, ബന്ധപ്പെട്ട കെ.ഇ. ആർ ഭേദഗതിയ്ക്കുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ

സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സെക്രട്ടറിയുടെ പി.എ ക്ക്.

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by PARVATHY S A
Date: 2024.04.09 11:48:19 IST
Reason: Approved